പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3683 — 30.01.2014-ൽ മറുപടിക്ക്.

## പൊതുവഴി തടയുന്ന ഫയർ സ്റ്റേഷൻ ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. രമേശ് ചെന്നിത്തല<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| എ) ആറ്റിങ്ങൽ പൂവമ്പാറയിൽ പഴയ എൻ.എച്ചിനോട് ചേർന്ന് പുതുതായി നിർമ്മിച്ച ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിന് ശേഷം അതുവഴിയുള്ള പൊതുജനത്തിന്റെ സഞ്ചാരമാർഗ്ഗം ഫയർ ഫോഴ്സ് ജീവനക്കാർ തടയുന്നതും തുടർച്ചയായി സംഘർഷത്തിന് ഇടവരുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) പൊതുജനത്തിന്റെ സഞ്ചാര മാർഗ്ഗം ഫയർ ഫോഴ്സ് ജീവനക്കാർ തടസ്സപ്പെടുത്തിയിട്ടില്ല. ആറ്റിങ്ങൽ അഗ്നിരക്ഷാ നിലയത്തിന് കെട്ടിട നിർമ്മാണത്തിനായി പഴയ എൻ.എച്ച് റോഡിൽ 62 സെന്റ് പുറമ്പോക്ക് സ്ഥലം സർക്കാർ അനുവദിച്ചപ്പോൾ പൊതു ജനങ്ങൾക്കായി വാഹന ഗതാഗതത്തിന് സ്റ്റേഷന് പുറകിൽ കൂടി യോഗ്യമായ രീതിയിൽ വഴി അനുവദിച്ചിരുന്നു. ടി ഫയർ സ്റ്റേഷന് മുന്നിലെ എൻ.എച്ച് ലൂടെയും സ്റ്റേഷന്റെ വടക്കുഭാഗത്ത് എൻ.എച്ച്-ൽ നിന്നും അമ്പലം വഴിയും വാഹനങ്ങൾക്ക് പോകാനുള്ള സൗകര്യവും കൂടാതെ, സ്റ്റേഷന്റെ പുറകുവശത്ത് കൂടി എൻ.എച്ചിലേക്ക് പ്രവേശിക്കാനുള്ള ഗതാഗത സൗകര്യവും നിലവിലുണ്ട്. ഒരു രീതിയിലും പൊതുജനങ്ങൾക്കുള്ള ഗതാഗത സൗകര്യം ജീവനക്കാർ തടഞ്ഞിട്ടില്ല. |
| ബി) എന്തടിസ്ഥാനത്തിലാണ് ഫയർ ഫോഴ്സ് ജീവനക്കാർ പൊതുജനങ്ങളെ തടയുന്നതെന്ന് വ്യക്തമാക്കാമോ;<br>സി) ഇപ്രകാരം ബുദ്ധിമുട്ടുണ്ടാക്കുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; | ബി &സി) ചോദ്യം പ്രസക്തമല്ല. |
| ഡി) ഇതു സംബന്ധിച്ച് എം.എൽ.എയും പൊതുജനങ്ങളും ഫയർ & റെസ്ക്യൂ സർവ്വീസസ് കമാണ്ടന്റ് ജനറലിന് നൽകിയ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | ഡി) പരാതിയിൽ കഴമ്പില്ലായെന്ന് അന്വേഷണത്തിൽ കാണുന്നു. |

സെക്ഷൻ ഓഫീസർ